दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत
प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 0
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-33)/2025-26/PUB

<u>പ്രസ്സ് റിലീസ്</u>

# 'CRISP' മൊബൈൽ ആപ്പിൽ റബ്ബർവിലയും അറിയാം

കോട്ടയം
05 ജൂൺ 2025

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചാണ് 'CRISP' (Comprehensive Rubber Information System Platform) എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തത്. മികച്ച കാർഷികരീതികൾ (GAPs), വെബ് ജി.ഐ.എസ്. (WebGIS) ടെക്നോളജി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) എന്നിവ കൂടി സംയോജിപ്പിച്ചുള്ളതാണ് ഇതിൽ ലഭ്യമായ റബ്ബർകൃഷിയുടെ വിവരങ്ങൾ. കൃഷിചെയ്യാൻ ഓരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങൾ, വളപ്രയോഗ ശുപാർശകൾ, രോഗ-കീട നിയന്ത്രണമാർഗങ്ങൾ, റബ്ബർടാപ്പിങ്, സംസ്കരണം എന്നിവയെക്കുറിച്ചും റബ്ബറുത്പാദകസംഘങ്ങൾ, സമൂഹ റബ്ബർപാൽ സംസ്കരണശാലകൾ, റബ്ബർബോർഡ് ഓഫീസുകൾ, നഴ്സറികൾ എന്നിവയെക്കുറിച്ചുമുള്ള വിവരങ്ങൾ ഇതിൽ ഉൾപെടുത്തിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം എന്നിവ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളെക്കുറിച്ചും അവിടങ്ങളിൽ ചെയ്യേണ്ടതും ഒഴിവാക്കേണ്ടതുമായ കൃഷിമുറകൾ സംബന്ധിച്ച വിവരങ്ങളും ഈ ആപ്പിൽ ലഭ്യമാണ്.

ഈ മൊബൈൽ ആപ്പ് ഇപ്പോൾ പ്രകൃതിദത്തറബ്ബറിന്റെ ദേശീയ, അന്തർദേശീയ വില കൂടി ഉൾപെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. ഷീറ്റുറബ്ബർ, റബ്ബർപാൽ, ഒട്ടുപാൽ, ബ്ലോക്കുറബ്ബർ തുടങ്ങിയവയുടെ വിവിധ ഗ്രേഡുകളുടെ വില ഇതിൽ ലഭ്യമാണ്. കർഷകർക്കും വ്യാപാരികൾക്കും ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)